**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കാലം മാറുന്നു, ക്രൈസ്തവനും പരിവർത്തന വിധേയനാകുക-പാപ്പ



മാറിക്കൊണ്ടിരിക്കുന്ന കാലത്തിൽ ക്രൈസ്തവരും സ്വാതന്ത്ര്യത്തോടുകൂടി വിശ്വാസസത്യത്തിൽ നിരന്തര പരിവർത്തനത്തിന് വിധേയരാകണമെന്ന് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു.
വത്തിക്കാനിൽ, വിശുദ്ധ മാർത്തയുടെ നാമത്തിലുള്ള ദോമൂസ് സാംക്തെ മാർത്തെ മന്ദിരത്തിലെ കപ്പേളയിൽ താൻ വെള്ളിയാഴ്ച (23/10/15) രാവിലെ അർപ്പിച്ച ദിവ്യപൂജാവേളയിൽ വായിക്കപ്പെട്ട യേശു കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയാൻ ജനക്കൂട്ടത്തെ ഉപദേശിക്കുന്ന സുവിശേഷഭാഗം, ലൂക്കായുടെ സുവിശേഷം അദ്ധ്യായം 12, 54 മുതൽ 59 വരെയുള്ള വാക്യങ്ങൾ, തദ്ദവസരത്തിൽ വിശകലനം ചെയ്യുകയായിരുന്നു ഫ്രാൻസിസ് പാപ്പ.
കാലങ്ങൾ അവ ചെയ്യേണ്ടത് ചെയ്യുന്നു. അതായത് കാലം മാറുന്നു അപ്പോൾ ക്രൈസ്തവനാകട്ടെ ക്രിസ്തുവിന്റെ ഹിതം നിറവേറ്റുകയെന്ന അവന്റെ കടമ നിർവ്വഹിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.
പുറത്തു നടക്കുന്ന കാര്യങ്ങളെ വിധിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട് എന്നാൽ ആ വിധി നടത്തണമെങ്കിൽ പുറത്തു നടക്കുന്നത് എന്താണ് എന്ന് നാം ശരിയായി മനസ്സിലാക്കണമെന്നും ഈ അറിയലിനെയാണ് സഭ കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയുക എന്നു പറയുന്നതെന്നും പാപ്പാ വിശദീകരിച്ചു.
കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുകയെന്നത് നിരവധിയായ ബാഹ്യകാരണങ്ങളാൽ ആയാസകരമായ ഒരു കാര്യമാണെന്നും തൻമൂലം അതു ചെയ്യാതെ നാം ഒഴിഞ്ഞുമാറുന്ന പ്രവണതയുണ്ടെന്നുള്ള വസ്തുതകളെക്കുറിച്ചും പാപ്പാ സൂചിപ്പിച്ചു.,